# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1457 — 13.07.2016 ൽ മറുപടിയ്ക്ക്

### ഭിന്നശേഷിക്കാരായ ആയൂർവേദ ഡോക്ടർമാർക്ക് നിയമനം നൽകുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീമതി.യു.പ്രതിഭാ ഹരി | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | തൊഴിൽരഹിതരും ഭിന്നശേഷിക്കാരുമായ ആയൂർവേദ ഡോക്ടർമാർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നൽകുന്നതിനും ബഹു. സുപ്രീംകോടതിയുടെ പിൻബലത്തോടെ കേന്ദ്ര ഗവൺമെന്റ് ഇറക്കിയിട്ടുള്ള ഉത്തരവ് പ്രകാരം പി.എസ്.സി.യുടെ സർക്കുലർ പുനഃപരിശോധിച്ച് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഭിന്നശേഷിക്കാരായ ആയൂർവേദ ഡോക്ടർമാരെ നിയമിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | മെഡിക്കൽ ഓഫീസർ തസ്തികയിൽ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് 1995 ലെ പി.ഡബ്ള്യു.ഡി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള 3% സംവരണം ലഭിച്ചിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനായി കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ സർക്കുലർ പുന:പരിശോധിക്കുന്നതുൾപ്പടെയുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ